# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1174** **31.10.2019 ൽ മറുപടിക്ക്**

## കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | **ശ്രീ.ജി.സുധാകരൻ** <br> **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാലക്കാട് - തൃശ്ശൂർ ദേശീയപാതയിൽ സ്ഥിതി ചെയ്യുന്ന കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം പൂർത്തികരിച്ച് ജനങ്ങളുടെ ഉപയോഗത്തിനായി എന്ന് തുറന്ന് കൊടുക്കാൻ കഴിയും; അറിയിക്കാമോ; | (എ) & (ബി) | ഡിസൈൻ, നിർമ്മാണം, സാമ്പത്തികം, ഓപ്പറേഷൻ & മെയിന്റനൻസ് (DBFOT) എന്ന Concession Agreement അടിസ്ഥാനത്തിൽ ദേശീയപാത എൻ.എച്ച് 47 ൽ 6 വരി പാത വടക്കൻചേരി മുതൽ (കി.മീ 240 to 270) തൃശ്ശൂർ വരെയുള്ള ഭാഗം ടണൽ ഉൾപ്പെടെ നിർമ്മിക്കുന്നതിന് NHA1 യും തൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് എന്ന കമ്പനിയും ചേർന്ന് 24-08-2009 ൽ 20 വർഷത്തേയ്ക്കുള്ള കരാർ എഗ്രിമെന്റ് വെയ്ക്കുകയും സ്ഥലം കൈമാറുകയും ചെയ്തിട്ടുള്ളതാണ്.ഇപ്പോൾ പദ്ധതിയുടെ 82% physical progress പൂർത്തിയാക്കിയിട്ടുണ്ട്.ആകെയുള്ള 28.355 കി.മീ റോഡ് വർക്കിൽ 22 കി.മീ 6 വരിപ്പാത പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള റോഡു പണിയും ടണൽ പണിയും 2020 ഒക്ടോബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിച്ചിട്ടുണ്ട്. ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി തിരുവനന്തപുരത്തുവെച്ചും തൃശ്ശൂർ കളക്ടറേറ്റിൽ വെച്ചും ഇതു സംബന്ധിച്ച് കരാർ കമ്പനി, NHA1 എന്നിവരുമായി 25.09.2018-ൽ യോഗം ചേർന്നിരുന്നു. 25.10.2019 ന് കേന്ദ്രമന്ത്രിക്കും NHA1 ചെയർമാനും കത്തയക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | നിലവിൽ ടണൽ നിർമ്മാണം നേരിടുന്ന തസ്സങ്ങൾ താഴെ പറയുന്നു.<br>1. ടണലിന്റെ രണ്ടു പ്രവേശന കവാടങ്ങളുടെയും ചരിവ് ബലപ്പെടുത്തുന്നതിന് 1.43 ഹെക്ടർ വനഭൂമി ഏറ്റെടുക്കേണ്ടി വരും. അതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.<br>2. നിർമ്മാണ കമ്പനിക്ക് ടണൽ വർക്ക് പൂർത്തിയാക്കുന്നതിനുള്ള സാമ്പത്തിക പ്രതിസന്ധി നില നിൽക്കുന്നു. പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനു കമ്പനി നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>3. സ്ഥലവാസികളുടെ തുടരെയുള്ള എതിർപ്പ് കാരണം പ്രവൃത്തികൾ നിർത്തി വയ്ക്കേണ്ടി വരുന്നു.<br>4. കരാർ കമ്പനി തുടർച്ചയായി കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടും അവർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ NHA1 നിസ്സംഗത പാലിക്കുന്നു.<br>5. പ്രവൃത്തിയുടെ കരാർ NHA1 യുമായിട്ടായതിനാൽ സംസ്ഥാന സർക്കാരിനു കരാറുകാരനെതിരെ നടപടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. അതുകൊണ്ടു തന്നെ കേന്ദ്രമന്ത്രിയുമായി ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചകളിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ടായിരുന്നു. പൂർണ്ണമായും കേന്ദ്രസർക്കാരിന്റേയും NHA1 യുടേയും നിയന്ത്രണത്തിലായതിനാൽ സംസ്ഥാന സർക്കാരിനു പരിമിതിക്കകത്തു നിന്നുള്ള ഇടപെടൽ മാത്രമാണ് സാദ്ധ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ